ഭാഗം - 1

# കനകച്ചിലങ്ക

PENCIL GROUP.....
[A Totally acadamic group for std 3]
Join number : 9895 10 5085




ചിത്രത്തിലാരൊക്കെ?

## ചിത്രവായന

'എന്റെ മലയാളം' ദിനാചരണവുമായി ബന്ധപ്പെട്ട ഘോഷയാത്രയാണ് ചിത്രത്തിൽ കാണുന്നത്.

കൂട്ടുകാർ ചിത്രം നിരീക്ഷിക്കൂ.

എന്തൊക്കെ കാണുന്നു?

- മുത്തുക്കുട പിടിച്ച കുട്ടികൾ
  ...........................................................
- ബാനർ പിടിച്ച കുട്ടികൾ
  ...........................................................
- ചെണ്ടകൊട്ടുന്ന കുട്ടി
  ...........................................................
- മദ്ദളം കൊട്ടുന്ന കുട്ടി
  ...........................................................
- ആലവട്ടം പിടിച്ച കുട്ടി
  ...........................................................
- തിമില കൊട്ടുന്ന പെൺകുട്ടി
  ...........................................................
- അക്ഷര മരം
  ...........................................................
- മരത്തിൽ കിളികൾ
  ...........................................................
- ...........................................................
- ...........................................................

☆ ചിത്രത്തിലുള്ള
വ്യാദ്യോപകരണങ്ങളുടെ പേര്....

ചെണ്ട, മദ്ദളം, ആലവട്ടം, തിമില

## വാതിൽ

# കാക്കിരി പൂക്കിരി

കാക്കിരി പൂക്കിരി തേന്മാവിന്റെ
എത്താക്കൊമ്പത്ത്

കാക്കിരി പൂക്കിരി മാങ്ങകളങ്ങനെ
പഴുത്തുതുങ്ങുന്നു.

കാക്കിരി പൂക്കിരി പിള്ളേരങ്ങനെ
ആർത്തുവിളിക്കുന്നു,

കാക്കിരി പൂക്കിരി കാറ്റിൻകൈയുകൾ
കൊമ്പുകുലുക്കുന്നു.


കാക്കിരി പൂക്കിരി നാലഞ്ചെണ്ണം
നിലത്തുവീഴുന്നു,

കാക്കിരി പൂക്കിരി തേൻതുള്ളികളി
നാവിനു സമ്മാനം.

*രാമകൃഷ്ണൻ കുമരനല്ലൂർ*
*(തൂവൽ)*

**വലിയൊരു തേന്മാവ്**
**തേന്മാവിൽ നിറയെ മാങ്ങകൾ പഴുത്തു കിടക്കുന്നു.**
**ആ തേന്മാവിന്റെ ചുവട്ടിൽ കുട്ടികൾ ആർത്തു വിളിച്ചു കളിക്കുന്നു.**
**പെട്ടെന്ന് ശക്തിയായ ഒരു കാറ്റ് വീശി.**
**മാവിൻ കൊമ്പുകൾ കുലുങ്ങി.**
**നാലഞ്ചു മധുരമാമ്പഴം നിലത്തുവീണു. കുട്ടികൾ ഓടിച്ചെന്ന് മാമ്പഴങ്ങൾ പെറുക്കി.**
**അവരുടെ നാവിൽ മാമ്പഴത്തിന്റെ തേൻ മധുരം നിറഞ്ഞു.**

**രാമകൃഷ്ണൻ കുമരനല്ലൂർ**



ബാലസാഹിത്യകാരൻ.
കുമരനല്ലൂർ പൊന്നാനി എ. വി. ഹൈസ്കൂളിൽ
മലയാളം അധ്യാപകനാണ്.
1969 മെയ് 15ന് പാലക്കാട് ജില്ലയിലെ കുമരനല്ലൂരിൽ
ജനിച്ചു. ഈച്ചയും പൂച്ചയും, കൊക്കരക്കോ,
കുഞ്ഞുകവിതകൾ, എന്റെ കാക്ക, തൂവൽ തുടങ്ങിയവ കൃതികൾ.



☆ ഈ കവിതയിൽ ആവർത്തിച്ച വരുന്ന രണ്ടു വാക്കുകൾ ഏതെല്ലാം ?

കാക്കിരി, പൂക്കിരി

☆ ഈ വാക്കുകൾ കൊണ്ട് എന്തൊക്കെയാവാം ഉദ്ദേശിക്കുന്നത്?

കൊച്ചു കുട്ടികൾ ഒന്നിച്ച് ഓടിനടക്കുമ്പോഴും ബഹളം വയ്ക്കുമ്പോഴും കാക്കിരി പൂക്കിരി എന്ന വാക്ക് മുതിർന്നവർ പ്രയോഗിക്കാറുണ്ട്.

മാവ്, ചാമ്പ തുടങ്ങിയ മരങ്ങൾ നിറയെ കായ്ക്കുമ്പോൾ കാക്കിരി പൂക്കിരി എന്ന വാക്ക് ചേർത്ത് പറയാറുണ്ട്.

☆ ഇതുപോലെ ഉപയോഗിക്കുന്ന കൂടുതൽ വാക്കുകൾ പറയാം, എഴുതാം.

[ കലപില, ചറപറ, കറുമുറെ ....... ]

# വാമൊഴിച്ചന്തം

## തിന്താരോ തക

കിലുകിലുങ്ങുന്ന സുന്ദരഭാഷയാണ് മലയാളം. നമ്മുടെ പാട്ടിലും കവിതയിലും കഥയിലുമൊക്കെ ആ കിലുക്കം നിറഞ്ഞുനിൽക്കുന്നു. ആ കിലുക്കം നമുക്ക് ഒന്ന് ആസ്വദിച്ചാലോ. പാഠപുസ്തകം പേജ് 9 -ലെ തിന്താരോ തക എന്ന നാടൻപാട്ട് ഈണത്തിലും താളത്തിലും പാടൂ. ആ കിലുക്കം കൂട്ടുകാർക്കും കേൾക്കാം.

# തിന്താരോ തക

തിന്താരോ തക തിന്താരോ തക
തിന്താരോ തക തിന്താരോ.
തിന്താരോ തക തിന്താരോ തക
തിന്താരോ തക തിന്താരോ.

ഒന്നാനമ്മയ്ക്കും മക്കൾക്കുമാടാൻ
രണ്ടാം കുന്നിന്മേലൂഞ്ഞാല്.
രണ്ടാനമ്മയ്ക്കും മക്കൾക്കും ചൂടാൻ
മൂന്നാം കാവിലെ മുല്ലപ്പൂ.

മൂന്നാനമ്മയ്ക്കും മക്കൾക്കും ചാർത്താൻ
നാലാംകാട്ടിലെ പൊന്മാല.
നാലാനമ്മയ്ക്കും മക്കൾക്കും ചുറ്റാൻ
അഞ്ചാം ചെമ്മുകിൽ പൂഞ്ചേല.

-----------------------------------------
-----------------------------------------
-----------------------------------------
-----------------------------------------

തിന്താരോ തക തിന്താരോ തക
തിന്താരോ തക തിന്താരോ.
തിന്താരോ തക തിന്താരോ തക
തിന്താരോ തക തിന്താരോ.

## വരികൾ കൂട്ടിച്ചേർക്കാം

തിന്താരോ തക പാട്ടിന് തുടർച്ചയായി ചില
വരികൾ കണ്ടെത്താമോ?
എഴുതി താളമിട്ടു പാടൂ.

**ടീച്ചർ വേർഷൻ**

അഞ്ചാനമ്മയ്ക്കും മക്കൾക്കും പോകാൻ
ആറാം കടവിലെ പൂന്തോണി
ആറാനമ്മക്കും മക്കൾക്കും കാണാൻ
ഏഴാം കാവിലെ തുള്ളാട്ടം.

**താഴെ കൊടുത്തിരിക്കുന്ന വായ്ത്താരികൾ ചൊല്ലി ആസ്വദിക്കൂ.**

- താത്തിനന്തകം താത്തിനന്തകം
  താത്തിനന്തകം തെയ്യത്താരേ
  താത്തിനന്തകം താത്തിനന്തകം
  താത്തിനന്തകം തെയ്യത്താരേ

- തെയ്യകം തിന്തിമി തെയ്യക്കം താരാ
  തെയ്യകം തിന്തിമി തെയ്യകം താരാ

- താനാ തനതന താനാ തനതന
  താനാ തനതന തന്തിനാന

**വള്ളംകളിയുമായി ബന്ധപ്പെട്ട വായ്ത്താരി**

ഓ തിത്തിത്താരാ തിത്തിത്തെയ്
തിത്തെയ് തക തെയ് തെയ്തോം

**ഇതുപോലെ വായ്ത്താരികൾ നോട്ടുബുക്കിൽ എഴുതിവയ്ക്കൂ.**



## പഴഞ്ചൊൽപ്പെരുമ

പാട്ടിലും കവിതയിലും മാത്രമല്ല പഴഞ്ചൊല്ലുകളിലും താളമുണ്ട്.
പഴഞ്ചൊല്ലുകൾ എന്നാൽ പറഞ്ഞു പഴകിയ ചൊല്ലുകൾ എന്നാണ്. പണ്ടത്തെ ആളുകൾ അനുഭവസമ്പത്തിലൂടെ നേടിയ അറിവുകളാണ് പഴഞ്ചൊല്ലുകളായി മാറിയത്. വാമൊഴിയായി അടുത്ത തലമുറയിലേക്കും അത് പകർന്നുപോന്നു. ചെറുവാക്യമോ വാക്യങ്ങളോ ആണെങ്കിലും പഴമൊഴിയിൽ വലിയ ആശയങ്ങളടങ്ങിയിരിക്കുന്നു.

### പ്രവർത്തനം

പാഠപുസ്തകം പേജ് 12, 13 ലെ വിവരണം വായിച്ച് പഴഞ്ചൊല്ലുകൾ കണ്ടെത്തി എഴുതൂ.

- കാക്കക്കൂട്ടിൽ കല്ലിട്ട പോലെ
- അരിയെറിഞ്ഞാൽ ആയിരം കാക്ക
- ആലിൻകായ പഴുത്തപ്പോ കാക്കയ്ക്ക് വായ്പ്പുണ്ണ്

- **കാക്കക്കൂട്ടിൽ കല്ലിട്ടപോലെ എന്നു പറയുമ്പോൾ അതിൽ കാക്കകളെ മാത്രമാണോ ഉദ്ദേശിച്ചത്?**

  അല്ല, ഒരുപാട് പേർ ചേർന്ന് കലപില ശബ്ദം ഉണ്ടാക്കുന്നതിനെയാണ് കാക്കക്കൂട്ടിൽ കല്ലിട്ടപോലെ എന്ന് പറയുന്നത്.

- അരിയെറിഞ്ഞാൽ ആയിരം കാക്ക എന്നതുകൊണ്ട് കാക്കയുടെ വരവിനെ മാത്രമാണോ സൂചിപ്പിക്കുന്നത്?

  അല്ല, അരി എറിയുമ്പോൾ ധാരാളം കാക്കകൾ എത്തുന്നതു പോലെ എന്തെങ്കിലും കിട്ടുമെന്ന് കാണുമ്പോൾ ആളുകൾ തടിച്ചു കൂടും.

- **ഈ ചൊല്ലുകളെക്കുറിച്ച് നിങ്ങളുടെ അഭിപ്രായം പറയൂ. മറ്റുള്ളവർ പറയുന്നതിനോട് പ്രതികരിക്കൂ.**

- **കാക്കക്കൂട്ടിൽ കല്ലിട്ടപോലെ**

  ഇന്റർവെൽ കഴിഞ്ഞ് മണിയടിച്ച് കുട്ടികൾ ക്ലാസിൽ കയറി കഴിഞ്ഞ് ടീച്ചർ വരുന്നേരം ആകെ ബഹളമായിരിക്കും. അപ്പോൾ ടീച്ചർ പലപ്പോഴും പറയുന്ന ചൊല്ലാണ് കാക്കക്കൂട്ടിൽ കല്ലിട്ടപോലെ. കാക്കക്കൂട്ടിൽ കല്ല് വീണാൽ അന്നാട്ടിലെ കാക്കകളെല്ലാം അവിടെക്കൂടി ഭയങ്കര ബഹളമായിരിക്കും. അതുപോലെയാണ് ഞങ്ങൾ കുട്ടികൾ ഒത്തുകൂടുമ്പോഴും എന്നാണ് ഈ ചൊല്ലിലൂടെ ടീച്ചർ സൂചിപ്പിച്ചത്.

- **ആലിൻകായ പഴുത്തപ്പോ കാക്കയ്ക്ക് വായ്പ്പുണ്ണ്**

  അമ്മ നല്ല പലഹാരങ്ങളുണ്ടാക്കിവച്ച് കാത്തിരിക്കുമ്പോഴായിരിക്കും സ്കൂളിൽനിന്ന് നല്ല പനിയുമായി വരുന്നത്. അപ്പോൾ വായ്ക്ക് ഒരു രുചിയും തോന്നില്ല. പലഹാരം കഴിക്കാനേ തോന്നില്ല. ഇങ്ങനെയുള്ള സന്ദർഭങ്ങളിൽ അമ്മ ഈ ചൊല്ല് പറയുന്നത് കേട്ടിട്ടുണ്ട്. ഇഷ്ടമുള്ളത് കിട്ടുമ്പോൾ അത് അനുഭവിക്കാൻ കഴിയാതെ വരുന്ന അവസ്ഥയാണ് ഇവിടെ സൂചിപ്പിക്കുന്നത്.

■ **അരിയെറിഞ്ഞാൽ ആയിരം കാക്ക**

കാക്കയ്ക്ക് എന്തെങ്കിലും ആഹാരം കിട്ടിയാൽ അത് മറ്റെല്ലാ കാക്കകളെയും വിളിച്ചുകൂട്ടി പങ്കുവച്ചേ കഴിക്കൂ. കാക്കകളുടെ ഈ നല്ല സ്വഭാവത്തെ സൂചിപ്പിക്കാനും ഈ പഴഞ്ചൊല്ല് പ്രയോഗിക്കാം എന്നാണ് എന്റെ അഭിപ്രായം.

കാക്കയുടെ പെരുമാറ്റങ്ങൾ സൂക്ഷ്മമായി നിരീക്ഷിച്ചതിൽ നിന്നാണ് പഴമക്കാർ സന്ദർഭങ്ങൾക്കനുയോജ്യമായി ഇത്തരം പഴഞ്ചൊല്ലുകൾ രൂപപ്പെടുത്തിയത് എന്ന്

നമുക്കനുമാനിക്കാം..

- **ഒരുകാര്യം പറയുകയും വേറൊന്ന് ആശയമായി വരികയും ചെയ്യുന്ന രീതിയിൽ പുതിയ വാക്യങ്ങൾ, വാക്കുകൾ (പദക്കൂട്ടുകൾ) എന്നിവ എഴുതിനോക്കൂ.**

- ഉണ്ടചോറിൽ കല്ലിടുക - നന്ദികേട് കാണിക്കുക.
- ഉർവ്വശീശാപം ഉപകാരം - ദോഷകരമായ പ്രവൃത്തി ഗുണമായിത്തീരുന്നത്
- എലിയെ തോല്പിച്ച് ഇല്ലം ചുടുക - നിസ്സാരകാര്യങ്ങൾക്ക് വലിയ നഷ്ടം വരുത്തുക
- ഇരയിട്ടു മീൻപിടിക്കുക. - അല്പം ചെലവുചെയ്ത് അധികലാഭം ഉണ്ടാക്കുക.
- ഉരുളയ്ക്ക് ഉപ്പേരി - ഉചിതമായ മറുപടി
- ആനച്ചന്തം - ആകപ്പാടെയുള്ള ഭംഗി
- ഓലപ്പാമ്പ് - ഭീഷണി
- കടുവായെ കിടുവ പിടിക്കുക. - ബലവാനെ ദുർബലൻ തോല്പിക്കുക.
- കഥയറിയാതെ ആട്ടം കാണുക - കാര്യം മനസ്സിലാക്കാതെ ഇടപെടുക
- ചെണ്ടകൊട്ടിക്കുക - അബദ്ധത്തിൽ ചാടിക്കുക
- പുത്തരിയിൽ കല്ല് - ആരംഭത്തിൽ തന്നെ അമംഗളം
- പുലിവാലു പിടിക്കുക - തന്നത്താൻ കുഴപ്പത്തിൽ ചാടുക
- രസച്ചരടുപൊട്ടുക - ഇടയ്ക്കു നീരസം ഉണ്ടാകുക
- പൊടിയിട്ടു വിളക്കുക - കൃത്രിമശോഭയുണ്ടാക്കുക
- വെള്ളത്തിലെഴുതുക - വ്യർത്ഥമായ പ്രവൃത്തി
- വേലിതന്നെ വിളവു തിന്നുക - സ്വപക്ഷത്തിനു ദോഷം വരുത്തുക
- കതിരിന്മേൽ വളംവയ്ക്കുക - കാലംതെറ്റി പ്രവർത്തിക്കുക
- തലമറന്നെണ്ണ തേയ്ക്കുക - അവസ്ഥയറിയാതെ പെരുമാറുക
- ദീപാളി കുളിക്കുക - ദുർവ്യയം ചെയ്ത് ദരിദ്രനാകുക
- ശ്ലോകത്തിൽ കഴിക്കുക - അതിയായി ചുരുക്കുക
- സുഗ്രീവാജ്ഞ - നിർദ്ദാക്ഷിണ്യമായ ആജ്ഞ
- കയ്യാലപ്പുറത്തെ തേങ്ങ - ഇരുകക്ഷികളിൽ ഏതിൽ ചേരണമെന്ന് സന്ദേഹിച്ചിരിക്കുന്ന അവസ്ഥ
- കാലുപിടിക്കുക - അഭിമാനം വിട്ട് സേവിക്കുക

## ശൈലികൾ

ശൈലികളും പഴഞ്ചൊല്ലുകളും നമ്മുടെ മാതൃഭാഷയുടെ ഭംഗി കൂട്ടുന്ന രത്നങ്ങളാണ്. ശൈലിയും പഴഞ്ചൊല്ലും തമ്മിൽ പല സാമ്യങ്ങളുമുണ്ട്. അവ തമ്മിലുള്ള വ്യത്യാസമെന്താണ്?

പഴഞ്ചൊല്ലുകൾ പണ്ടുകാലം മുതൽ പറഞ്ഞു വരുന്നവയാണ്. ശൈലികളോ? ഇന്നും ഉണ്ടായിക്കൊണ്ടേയിരിക്കുന്നു. പഴഞ്ചൊല്ലുകൾ വാമൊഴിയിൽ നിന്നും ഉണ്ടായവയാണ്. ശൈലി വാമൊഴിയായും വരമൊഴിയായും (എഴുത്ത് ഭാഷ)യായും ഉണ്ടാവാം.

ഒരു പഴഞ്ചൊല്ലും അതിനു ചേരുന്ന ചിത്രവും നോക്കൂ.

### ഒരുമതന്നെ പെരുമ

**പഴഞ്ചൊല്ലിനെപ്പറ്റി ചിത്രത്തിൽ നിന്ന് എന്തൊക്കെ കണ്ടെത്താം?**

ഒത്തൊരുമയോടെ പ്രയത്നിച്ചാൽ ഏത് അസാധ്യമായ കാര്യവും സാധിച്ചെടുക്കാൻ കഴിയും.

**സമാനമായ പഴഞ്ചൊല്ല്**

- ഒത്തുപിടിച്ചാൽ മലയും പോരും.
- ഐകമത്യം മഹാബലം.




പഴഞ്ചൊല്ലുകൾ ചേരുമ്പോൾ ഭാഷയ്ക്ക് ഭംഗി കൂടുന്നത് കണ്ടല്ലോ. യോജിച്ച പഴഞ്ചൊല്ലുകൾ നിങ്ങളുടെ വർത്തമാനത്തിലും എഴുത്തിലും ചേർക്കാൻ ശ്രമിക്കൂ.

# കഥ കഥ കസ്തൂരി

## ആനേം അണ്ണാറക്കണ്ണനും

**'കഥ കഥ കസ്തൂരി'യിലെ ആനേം അണ്ണാറക്കണ്ണനും എന്ന നാടോടിക്കഥ വായിച്ചോ കൂട്ടുകാരേ?**
മൃഗങ്ങളെയും മനുഷ്യരെയും കുറിച്ചുള്ള സങ്കല്പകഥകളാണ് നാടോടിക്കഥകൾ.
നമ്മുടെ നാട്ടിൽ പ്രചരിക്കുന്ന നാടോടിക്കഥകളിൽ കൂടുതലും ജന്തുകഥകളാണ്.
മൃഗങ്ങളെ കഥാപാത്രങ്ങളാക്കിയുള്ള ഇത്തരം കഥകൾക്ക് പെരുമാറ്റമര്യാദകൾ
പഠിപ്പിക്കുക എന്ന ലക്ഷ്യമാണ് ഉള്ളത്.



**ആനേം അണ്ണാറക്കണ്ണനും
എന്ന കഥ നിങ്ങൾക്കിഷ്ടമായോ?
എന്തുകൊണ്ട് ?**
***നിമിഷ എഴുതിയത്***
താളത്തിൽ വായിച്ചുപോകാൻ കഴിയുന്ന കഥയാണിത്. മൃഗങ്ങൾ കഥാപാത്രങ്ങളായി വരുന്ന ഈ കഥ വായിക്കുമ്പോൾ അതിലെ സംഭവങ്ങൾ നേരിൽ കാണുന്നതുപോലെ തോന്നും. കഥയിൽ ആവർത്തിച്ചുവരുന്ന വരികൾ കഥയ്ക്ക് പ്രത്യേക ഭംഗിനൽകുന്നു. രസകരമായി വായിച്ച് പറയാൻ കഴിയുന്ന കഥയാണിത്.

**നിങ്ങളുടെ നാട്ടിലും ഇത്തരം നാടോടിക്കഥകൾ ഉണ്ടല്ലോ.
നാട്ടിലെ മുതിർന്നവർക്ക് ഈ കഥകൾ അറിയാം.
അവർ പറയുന്ന കഥകൾ കേൾക്കൂ. കേട്ട കഥകൾ വീട്ടിലുള്ളവരേയും
കൂട്ടുകാരേയും പറഞ്ഞുകേൾപ്പിക്കാൻ മറക്കരുത്.**

**നിങ്ങൾക്കിഷ്ടപ്പെട്ട ഏതെങ്കിലും ഒരു കഥ റോൾപ്ലേയായി അവതരിപ്പിക്കൂ.**

**കഥ**

ഒരു ദിവസം മരംവെട്ടുകാരായ രണ്ടു കൂട്ടുകാർ മരം വെട്ടുന്നതിനായി കാട്ടിലേക്കു പോയി. മരംവെട്ടുന്നതിൽ ശ്രദ്ധിച്ചിരുന്നതിനാൽ ഒരു കരടി തങ്ങളുടെ അടുത്തേക്ക് വരുന്നത് അവർ കണ്ടില്ല. കരടി അടുത്തുവന്നപ്പോഴാണ് തങ്ങളുടെ പിന്നിൽ എത്തിയ അപകടം അവരുടെ ശ്രദ്ധയിൽ പെട്ടത്. കരടിയെ കണ്ടപാടേ ഒരാൾ ഓടി മരത്തിൽ കയറി. പക്ഷേ മറ്റേയാൾക്ക് രക്ഷപ്പെടാൻ കഴിഞ്ഞില്ല. പെട്ടെന്ന് അയാൾക്കൊരു ബുദ്ധിതോന്നി. അയാൾ നിലത്ത് ശ്വാസമടക്കി കിടന്നു. കരടിവന്ന് നിലത്തുകിടന്നയാളെ മണത്തുനോക്കി. അയാൾ മരിച്ചുകിടക്കുകയാണെന്നു കരുതി കരടി തിരിച്ചുപോയി.
കരടികൾ ശവശരീരങ്ങൾ ഭക്ഷിക്കാറില്ലല്ലോ. കരടി പോയെന്ന് ഉറപ്പായപ്പോൾ മരത്തിലിരുന്നയാൾ ഇറങ്ങിവന്നു. അയാൾ സുഹൃത്തിനോട് ചോദിച്ചു: കരടി ചെവിയിലെന്തോ സ്വകാര്യം പറയുന്നതുകണ്ടല്ലോ.
എന്താ കരടി പറഞ്ഞത് ?
നിലത്തുകിടന്നയാൾ പറഞ്ഞു:
'അതോ, കരടി പറയുകയാണ്, ആപത്തിലുപേക്ഷിച്ച സുഹൃത്തിനെ വിശ്വസിക്കരുതെന്ന്'. മരത്തിൽകയറി സ്വന്തം രക്ഷമാത്രം നോക്കിയ ആൾ ഇളിഭ്യനായി.

**റോൾപ്ലേ - മാതൃക.**

വനത്തിനു നടുവിലുള്ള വഴിയിലൂടെ നടക്കുന്ന രാമുവും രാജുവും. *(വേഷം കൈലിമുണ്ടും തലേക്കെട്ടും)* രണ്ടുപേരുടെയും കൈയിൽ കോടാലിയും കയറും മറ്റുമുണ്ട്. രാജുവും രാമുവും മരംവെട്ടാൻ ആരംഭിക്കുന്നു.

രാജു: നേരം വൈകുന്നതിനുമുമ്പ് മരംവെട്ടി തീർക്കണം. പെട്ടെന്ന് രാത്രിയാകും.

രാമു: ശരിയാ, ഇരുട്ടു വ്യാപിച്ചുകഴിഞ്ഞാൽ അപകടം കൂടുതലാ. വഴിപോലും അറിയാതെയാകും.

രാജു (*പെട്ടെന്ന് ചെവിയോർക്കുന്നു*): എന്തോ ശബ്ദം കേൾക്കുന്നല്ലോ. ഏതെങ്കിലും വന്യമൃഗമായിരിക്കുമോ?

രാമു: ഓ, നിനക്കു വെറുതെ തോന്നിയതായിരിക്കും.

രാജു. അല്ലെടാ. ദാ നോക്ക് ഒരു കരടിവരുന്നു.

രാമു: ഹെന്റമ്മോ...! *അടുത്തനിമിഷം രാമു അടുത്തുകണ്ട മരത്തിൽ ചാടിക്കയറുന്നു. രാജുവും അതേ മരത്തിൽ തന്നെ കയറാൻ ശ്രമിക്കുന്നു. പക്ഷേ കഴിയുന്നില്ല.*

രാജു: *(കൈനീട്ടിക്കൊണ്ട്)* ''എടാ എന്നെക്കൂടി ഒന്നു സഹായിക്ക്.''

രാമു: ''നിന്നെ സഹായിക്കാൻ നിന്നാൽ എന്നെയും കരടി പിടിക്കും.'' *കരടി നടന്നടുക്കുന്നതു കണ്ട് രാജു ഭയപ്പെട്ടു.*

രാജു: (വിചാരം) ഏതായാലും ഒരു സൂത്രം പ്രയോഗിക്കാം. രാജു അനക്കമില്ലാതെ നിലത്തു കിടക്കുന്നു. കരടി അടുത്തെത്തി നിലത്തുകിടക്കുന്നയാളെ മണത്തുനോക്കി അയാൾ മരിച്ചെന്നു കരുതി തിരിച്ചുപോയി. രാമു മരത്തിൽനിന്നിറങ്ങിവന്നു.

രാമു രാജുവിനോട് : കരടി നിന്റെ ചെവിയിലെന്തോ രഹസ്യം പറയുന്നതുകണ്ടല്ലോ. എന്താണവൻ പറഞ്ഞത് ?


രാജു (*പുച്ഛത്തോടെ*) : അതോ, കരടി പറയുകയായിരുന്നു. ആപത്തിലുപേക്ഷിച്ച സുഹൃത്തിനെ വിശ്വസിക്കരുതെന്ന്.

രാമു ഇളിഭ്യനായി *തലകുനിച്ച്* നിൽക്കുന്നു.

## പാവനാടകം അവതരിപ്പിക്കാം

**നിങ്ങൾ കേട്ടതോ വായിച്ചതോ ആയ കഥ പാവനാടകമായി അവതരിപ്പിക്കുക.**

'ആനേം അണ്ണാറക്കണ്ണനും' എന്ന കഥ വായിച്ചല്ലോ. ആനയുടെയും അണ്ണാറക്കണ്ണന്റെയും വ്യത്യസ്ത രൂപങ്ങൾ കാർഡ്ബോർഡുകളിൽ വെട്ടിയെടുക്കുക. ഇത് നീളമുള്ള കമ്പുകളിൽ ഒട്ടിച്ചുവയ്ക്കുക. ഭിത്തിക്കരികിലായി നീളമുള്ള തുണി വലിച്ചുകെട്ടി അതിനുപിന്നിൽ രണ്ടുപേർ പാവകൾപിടിച്ച് അഭിമുഖമായി നിൽക്കണം. രണ്ടുപേർ സ്റ്റേജിനരികിൽ നിന്ന് കഥ ശബ്ദവ്യതിയാനത്തോടെ വായിക്കുക. അതിനനുസരിച്ച് പാവക്കാർ പാവകളെ ഇളകിക്കൊണ്ടിരിക്കണം.



## ഒളിച്ചുകളി

**ഒളിപ്പിച്ചുവയ്ക്കാനും ഒളിപ്പിച്ചുവച്ചത് കണ്ടെത്താനും ഉള്ള കളികളും ഒളിച്ചുകളിയും എല്ലാം കൂട്ടുകാർക്ക് ഇഷ്ടമാണ്. കവിതയിലും ഉണ്ട് ചില ഒളിപ്പിച്ചു വയ്ക്കലുകൾ. പാഠപുസ്തകം പേജ് 20 ലെ കവിത വായിച്ചില്ലേ? ആരാണ് ഒളിച്ചിരിക്കുന്നത്? കണ്ടെത്തൂ.**




### കവിതയുടെ ആശയം

പുതിയ ഇലകളുമായി നിൽക്കുന്ന മരക്കൊമ്പ്. അതിൽ സൂര്യരശ്മിപോലെ നാല് ഭാഗത്തേക്കും നീളത്തിൽ കൊളുത്തിയിട്ട നൂലുകൾ. കുളത്തിൽ അത് സൂര്യബിംബം പോലെ കാണുന്നു. വെളുത്ത വലവിരിച്ച് കാറ്റിലാടുന്ന വിചിത്രരൂപമുള്ള ഇവൻ ആരാണ് എന്ന് കവി ചോദിക്കുന്നു.

### കവിതയിലെ വാക്കുകളും അവയുടെ അർത്ഥവും

തളിർക്കുക - പുതിയ ഇലകൾ ഉണ്ടാകുക
ശാഖ - കൊമ്പ്
ബിംബം - പ്രതിബിംബം, നിഴൽ
ഉലഞ്ഞ് - ആടുക
രശ്മി - കിരണം
വിചിത്രം - കൗതുകം ജനിപ്പിക്കുന്ന
തരുക്കൾ - മരങ്ങൾ
അർക്കൻ - സൂര്യൻ

- **കവിതയ്ക്ക് എന്തുപേരിടും?**
  എട്ടുകാലി
- **കവിതയിൽനിന്ന് കിട്ടിയ എന്തെല്ലാം സൂചനകളാണ് പേര് കണ്ടെത്താൻ സഹായിച്ചത്?**

**സൂചനകൾ :**

- നീണ്ട നൂല് രശ്മിപോലെ നാലുഭാഗവും.
- വിചിത്രമായ രൂപം.

### കുമാരനാശാൻ



ജനനം : 12 ഏപ്രിൽ 1873
മരണം : 16 ജനുവരി 1924

ആധുനിക കവിത്രയത്തിൽ ഒരാളാണ് കുമാരനാശാൻ. ആശയഗംഭീരൻ, സ്നേഹഗായകൻ എന്നിങ്ങനെ അദ്ദേഹത്തെ വിശേഷിപ്പിക്കുന്നു. വീണപൂവ്, സിംഹപ്രസവം, ലീല, ബാലരാമായണം, ചിന്താവിഷ്ടയായ സീത, ദുരവസ്ഥ, ചണ്ഡാലഭിക്ഷുകി, കരുണ എന്നിവ ആശാന്റെ പ്രധാനകൃതികളാണ്. ജാതീയത കൊടുമ്പിരിക്കൊണ്ട കാലഘട്ടത്തിൽ, ജാതിവ്യവസ്ഥയ്ക്കെതിരെ തന്റെ തൂലികകൊണ്ട് ശക്തമായ ഭാഷയിൽ പ്രതികരിച്ച വ്യക്തിയാണ് ആശാൻ.

## ഉത്തരം ഒളിപ്പിച്ച കവിതകൾ



മൂളിപ്പാട്ടും പാടിവരുന്നൊരു
ചോരക്കൊതിയൻ നീ
ചോര തുടിക്കും മെയ് കാണുമ്പോ-
ളോടിയടുക്കും നീ
ഞാനറിയാതെൻ ഹിതമറിയാതെൻ
മേനിയിലെത്തും നീ
ദാരുണമായെൻ ചോര കുടിക്കാൻ
സൂചി തറയ്ക്കും നീ
വേദനയാൽ ഞാൻ പിടഞ്ഞു നിന്നെ-
ത്തേടും നിമിഷത്തിൽ
ഇമ്പമുണർത്തും സംഗീതവുമായ്
'പമ്പ കടക്കും നീ'

*പി. പുഷ്പാംഗദൻ*



ഓമനേ, ഓമനേ, ആരുനീ ചൊല്ലു
നീ മഴവില്ലിന്റെ ചെല്ലക്കിടാവോ?
നിൻചിറകെത്രമിനുത്തതാണയ്യാ
നിന്നഴകിത്രമേലാർക്കുണ്ടുപാരിൽ
ഓരോരോ പൂവിലുമെത്തിനീ വേഗ-
മോരോന്നിലൂറുന്ന തേൻ കുടിക്കുന്നു.
തെന്നിയിളകിപ്പറന്നുമായുന്നു
കണ്ണുമിഴിച്ചു ഞാൻ നോക്കിനിൽക്കുന്നു.

*എം. പി. അപ്പൻ*

കൊമ്പും നീട്ടിയിടഞ്ഞുവരുന്നൂ
പയ്യെപ്പയ്യൊരു ചങ്ങാതി
പിടിക്കുവാനായടുത്തുചെന്നാൽ
കൊമ്പില്ലയ്യോ കൊമ്പില്ല!

*സിപ്പി പള്ളിപ്പുറം*



## അറിയാമെങ്കിൽ പറയൂ

**കടങ്കവിതകളിൽ ഒളിപ്പിച്ചുവച്ച ഉത്തരങ്ങൾ കണ്ടെത്തൂ.**

1. ഭൂഗോളംപോൽ ഒരു വീട്
   വീടിനു പുറമേ പച്ചനിറം
   വീടിന്നകമോ വെള്ളനിറം
   അകത്തുമുറികൾ ചോപ്പുനിറം
   മുറികൾക്കുള്ളിൽ കുട്ടികളുണ്ട-
   വരുടെ മേനി കറുപ്പുനിറം
   വീടും മുറിയും കുട്ടികളും
   ചേർന്നാൽ ആഹാ, ആശ്വാസം
2. വിശറി വീശി നടക്കുന്നു
   ചൂട്ടു മിന്നിച്ചു നടക്കുന്നു
   ചങ്ങലയിട്ട് നടക്കുന്നു
   ആരാണെന്നു പറയാമോ?
3. വെക്കാൻ വിളമ്പുവാൻ ഞാനൊരാള്
   ഭക്ഷിക്കുവാൻ നിങ്ങളേറെയാള്
   രുചിപോലും നോക്കാതെ സർവവും ഞാൻ
   തരുമല്ലോ ഞാനാര്? നിങ്ങൾ ചൊല്ല്

**ഉത്തരങ്ങൾ**

1. തണ്ണിമത്തൻ
2. ആന
3. തവി

**കടങ്കഥ**
പെട്ടെന്ന് ഉത്തരം കണ്ടെത്താൻ കഴിയാത്തതും ഗൂഢമായ അർഥം ഉള്ളതുമായ ചെറിയ ചോദ്യങ്ങളാണ് കടങ്കഥകൾ.

### നമുക്ക് കുറച്ച് കടങ്കഥകൾ പരിചയപ്പെട്ടാലോ

- മക്കളെ കൊല്ലുന്ന അമ്മ - **തീപ്പെട്ടി**
- വട്ടത്തിൽ ചവിട്ടിയാൽ നീളത്തിലോടും - **സൈക്കിൾ**
- വടി എടുത്താൽ കാള ഓടും - **വഞ്ചി**
- കാടുവെട്ടി തോടുവെട്ടി പാറ വെട്ടി വെള്ളം കണ്ടു - **നാളികേരം**
- വെള്ളക്കിണ്ണത്തിൽ ഞാവൽപ്പഴം - **കണ്ണ്**
- മണ്ണിന്നടിയിൽ പൊന്നമ്മ - **മഞ്ഞൾ**
- വായില്ല നാക്കുണ്ട്, നാവിൻമേൽ പല്ലുണ്ട് - **ചിരവ**
- കാട്ടിലെയുർവശി കണ്ണെഴുതി - **കുന്നിക്കുരു**
- ഇല്ലിക്കൊമ്പത്തില്ലിക്കൊമ്പത്തീശാൻ മാപ്പിള തീകൂട്ടി - **മിന്നാമിനുങ്ങ്**
- വെളുത്തപോലീസിനു കറുത്തതൊപ്പി - **തീപ്പെട്ടിക്കൊള്ളി**
- കുറ്റിക്കാട്ടിൽ കൊയ്ത്തരിവാൾ - **അമ്പിളിക്കല**
- വെട്ടിയാൽ പിന്നെയും വളരും കാട് - **തലമുടി**
- കുലുകുലുകൊമ്പത്തായിരം രസക്കുടുക്ക - **നെല്ലിക്ക**
- കറിക്കുമുമ്പൻ ഇലയ്ക്കുപിമ്പൻ - **കറിവേപ്പില**
- എല്ലുണ്ട് തൊലിയുണ്ട് മാംസമുണ്ട് രോമമുണ്ട് മനുഷ്യനല്ല മൃഗവുമല്ല - **തേങ്ങ**
- തലതൂങ്ങിക്കറങ്ങും മുറിക്കയ്യൻ - **ഫാൻ**



## മാനത്തെ കാഴ്ചകൾ

**കടങ്കഥകളിൽ ഒളിപ്പിച്ചുവച്ച ഉത്തരങ്ങൾ കണ്ടെത്തുന്ന രസകരമായ കളി ഇഷ്ടമായല്ലോ കൂട്ടുകാരേ. ചില കവിതകളിലും ഉത്തരങ്ങൾ ഒളിഞ്ഞിരിക്കുന്നത് കൂട്ടുകാർ കണ്ടല്ലോ. കടങ്കവിതാരീതിയിലുള്ള ഒരു കവിതയാണ് മാനത്തെ കാഴ്ചകൾ. ഇതിൽ ചോദ്യവും ഉത്തരവും ഉണ്ട്. കൂട്ടുകാർ കവിത താളമിട്ടുപാടട്ടെ.**

### കവിതയുടെ ആശയം

അനന്തമായി പരന്നുകിടക്കുന്ന നീലാകാശത്തെ നീലക്കായലിനോട് കവി സാദൃശ്യപ്പെടുത്തിയിരിക്കുന്നു. ആ നീലക്കായലിൽ ഒഴുകുന്ന തിരകളാണ് മേഘങ്ങൾ. അവിടെ വെള്ളമില്ല. അടിത്തട്ട് ഇല്ല. ആ നീലക്കായലിലിളകും വഞ്ചിപോലെ ചന്ദ്രക്കല കാണുന്നു. ആരും സഞ്ചരിക്കാത്ത, ആളില്ലാവഞ്ചിയായി മനോഹരമായ ചന്ദ്രബിംബം ശോഭിക്കുന്നു. നീലാകാശത്തിന്റെ നീലിമയിൽ തെന്നിനീങ്ങുന്ന ചന്ദ്രക്കലയെ ആളില്ലാ തോണിയായി കവി വർണിച്ചിരിക്കുന്ന കല്പന അതിമനോഹരമാണ്. നീലക്കായലിൽ എരിയും കൈവിളക്കായി കത്തിയെരിഞ്ഞ് പ്രഭചൊരിയുന്ന സ്വർണനിറമുള്ള നക്ഷത്രത്തെ കവി കാണുന്നു. തീയും പുകയുമില്ലാത്ത, ചൂടില്ലാത്ത തീക്കനലേത് മന്ദാരപ്പൂവേ എന്ന ചോദ്യത്തിന്, കൈവിളക്ക് കണക്കെ പ്രഭചൊരിയും ആകാശതാരകമാണത് എന്ന കല്പന ഹൃദ്യമാണ്. ആകാശത്തെ നീലക്കായലായും അമ്പിളിക്കലയെ അതിൽ നീന്തും തോണിയായും കത്തിയെരിഞ്ഞ് പ്രഭ ചൊരിയും നക്ഷത്രത്തെ കൈവിളക്കായും സങ്കല്പിച്ച കാവ്യഭാവന അതിമനോഹരമാണ്.



## ചോദ്യങ്ങളും ഉത്തരങ്ങളും

- **തീരം കാണാത്ത കായലായിട്ടാണല്ലോ ആകാശത്തെ കവി പറയുന്നത്. കായലിനും ആകാശത്തിനും തമ്മിൽ ചേർച്ചയുണ്ടോ? എന്തു തോന്നുന്നു?**
- കായൽ നീലനിറത്തിൽ കരകാണാത്ത വിധം പരന്നുകിടക്കുകയാണ്. ആകാശവും ഇതുപോലെ നീലനിറത്തിൽ അനന്തമായി പരന്നുകിടക്കുന്നു.
- **ചന്ദ്രക്കല ആകാശത്തിലെ തോണിയാണ് എന്നു പറയാൻ എന്തായിരിക്കും കാരണം?**

നീലക്കായൽപോലെ പരന്നുകിടക്കുന്ന നീലാകാശത്തുകൂടി അമ്പിളിക്കല നീങ്ങുന്നതു കണ്ടിട്ടാണ് ആകാശത്തിലെ തോണിയാണ് എന്നു പറയുന്നത്. അമ്പിളിക്കലയ്ക്ക് തോണിയുടെ ആകൃതിയാണ്.

- **മാനത്ത് തീയും പുകയും ചൂടുമില്ലാത്ത തീക്കനലുണ്ടത്രേ നക്ഷത്രം! നക്ഷത്രം എന്നുത്തരം കിട്ടുന്ന മറ്റൊരു കടങ്കഥ പറയാമോ?**
- ചെത്തിത്തേച്ച ചുമരിന്മേൽ വിരിഞ്ഞുവരുന്ന പൂക്കൾ.
- എന്റെ തോട്ടത്തിലെ പൂക്കൾ എണ്ണിയിട്ടും എണ്ണിയിട്ടും തീരുന്നില്ല.
- കാവലില്ലാത്ത കൊട്ടാരത്തിൽ കണക്കില്ലാത്ത മുത്തുകൾ.

### പ്രഭാവർമ്മ



കവിയും ചലച്ചിത്രഗാനരചയിതാവും.1959ൽ ജനിച്ചു. മൂന്നുതവണ ചലച്ചിത്രഗാന രചനയ്ക്കുള്ള സ്റ്റേറ്റ് അവാർഡ് ലഭിച്ചിട്ടുണ്ട്. സൗപർണിക, അർക്കപൂർണിമ, അവിചാരിതം, ചന്ദനനാഴി, ആർദ്രം, ശ്യാമമാധവം, കനൽച്ചിലമ്പ്, രൗദ്ര സാത്വികം എന്നിവ അദ്ദേഹത്തിന്റെ കവിതാസമാഹാരങ്ങളാണ്. കേന്ദ്ര - കേരള സാഹിത്യ അക്കാദമി പുരസ്കാരങ്ങൾ, സരസ്വതി സമ്മാൻ, വയലാർ അവാർഡ്, ആശാൻ പ്രൈസ്, വള്ളത്തോൾ അവാർഡ് തുടങ്ങി നിരവധി പുരസ്കാരങ്ങൾ ലഭിച്ചിട്ടുണ്ട്.



**മുകളിൽ നൽകിയ ചിത്രത്തിലെ വസ്തുക്കൾ, ദൃശ്യങ്ങൾ എന്നിവയെ അടിസ്ഥാനമാക്കി കടങ്കഥകൾ നിർമ്മിക്കൂ. കൂട്ടുകാരുമായി പങ്കിടൂ.**

**മാതൃക: ഓട്ടോറിക്ഷ** - മൂളും വണ്ടി മുച്ചക്രവണ്ടി.

**തെങ്ങ്** - കാലുകൊണ്ട് വെള്ളം കുടിച്ച് തലകൊണ്ട് മുട്ടയിട്ടു.

**തീവണ്ടി** - മണിയടിച്ചാൽ മലമ്പാമ്പോടും

**ചിത്രം അടിസ്ഥാനമാക്കി കൂടുതൽ കടങ്കഥകൾ കണ്ടെത്തണേ.**

**കടങ്കഥകൾക്ക് എന്തെല്ലാം പ്രത്യേകതകൾ ഉണ്ടാവണം? ക്ലാസിൽ ചർച്ച ചെയ്ത് കണ്ടെത്തി എഴുതൂ.**

- ചെറിയ ചോദ്യങ്ങൾ ആയിരിക്കും.
- ഗൂഢമായ അർത്ഥമുണ്ടായിരിക്കും.
- ഉത്തരം ഒളിപ്പിച്ചുവച്ച് പറയുന്ന ചോദ്യങ്ങളായിരിക്കും.

# താളവും മേളവും

## കാനനോത്സവം

**എത്ര സുന്ദരമാണ് എന്റെ മലയാളം. അതിന്റെ വശ്യമായ സൗന്ദര്യവും ഈണവും താളവും മാധുര്യവും കൂട്ടുകാർക്കും അനുഭവിച്ചറിയാം. പാഠപുസ്തകത്തിലെ കാനനോത്സവം എന്ന ഉത്സവവിവരണം വായിക്കൂ.**

### പ്രവർത്തനങ്ങൾ

■ **ഈ ഉത്സവവിവരണത്തിലെ ഏതെല്ലാം കലാപരിപാടികൾ നിങ്ങൾ കണ്ടിട്ടുണ്ട്**

മോണോ ആക്ട് ☐ മിമിക്രി ☐ ഡാൻസ് ☐
ഒപ്പന ☐ തിരുവാതിര ☐ നൃത്തം ☐
പാട്ട് ☐ ഫാഷൻ ഷോ ☐
ഡിസ്കോ ☐

**ഇതിൽ നിങ്ങൾ കണ്ടിട്ടുള്ള കലാപരിപാടികൾക്ക് ✓ നൽകൂ.**

■ **സ്കൂൾ കലോത്സവത്തെക്കുറിച്ച് കുഞ്ഞരിപ്രാവ് നടത്തിയ വിവരണം എഴുതാമോ.**

***വിവരണം മാതൃക –***

നെന്മണി കൊത്തിപ്പെറുക്കി വരുമ്പോഴാണ് കാടരിക് എൽ.പി.സ്കൂൾ ഗ്രൗണ്ടിലെ അനൗൺസ്മെന്റ് കേട്ടത്. അവിടെ കലോത്സവം നടക്കുകയായിരുന്നു. അവിടെയുള്ള മുത്തശ്ശിപ്ലാവിലിരുന്നാൽ സ്കൂൾ മുഴുവനായി കാണാം. ഗ്രൗണ്ടിൽ കുട്ടികൾ തിങ്ങിനിറഞ്ഞിരുന്നു. ലളിതഗാനമത്സരമാണ് ആദ്യം നടന്നത്. അതിനുശേഷം മോണോ ആക്ട്, മിമിക്രി, ഡാൻസ്, ഒപ്പന, തിരുവാതിരകളി അങ്ങനെ പലതരം പരിപാടികൾ ഉണ്ടായിരുന്നു. ഓരോ പരിപാടിക്കുശേഷവും കുട്ടികൾ കൈയടിച്ച് ആർപ്പുവിളിക്കുന്നുണ്ടായിരുന്നു.

■ **കാട്ടിലെ കൂട്ടുകാർക്കുമാത്രം പങ്കെടുക്കാൻ കഴിയുന്ന ഏതെങ്കിലും പുതിയ ഇനങ്ങൾ നിർദേശിക്കാമോ?**

| മത്സരങ്ങൾ | പങ്കെടുക്കുന്നവർ |
|---|---|
| ഇഴയൽ മത്സരം | പാമ്പ്, ഒച്ച് , മണ്ണിര |
| അലറൽ മത്സരം | ആന, സിംഹം, കടുവ |
| വാലാട്ടിക്കളി | മയിൽ, വാലാട്ടിക്കിളി |
| പാട്ട് | കുയിൽ, തത്ത |
| ഫാൻസിഡ്രസ് | ഓന്തുകൾ |
| കൂവൽ | കുറുക്കൻ, ചെന്നായ, നായ |
| മൂളിപ്പാട്ട് | വണ്ട്, കൊതുക്, തേനീച്ച |
| മരഞ്ചാട്ടം | അണ്ണാൻ, കുരങ്ങൻ |
| കൂടുണ്ടാക്കൽ മത്സരം | കാക്ക, തുന്നാരൻ |
| തേൻ ശേഖരണം | കരടി, തേനീച്ച |
| നീന്തൽ | ആമ, ചീങ്കണ്ണി, തവള |

■ **പാഠഭാഗത്ത് ചില മത്സരയിനങ്ങളുടെ പേരുണ്ട് മറ്റു ചില മത്സരയിനങ്ങൾ നാം കണ്ടെത്തി. ഇവയെല്ലാം അക്ഷരമാലാക്രമത്തിൽ എഴുതിവയ്ക്കൂ. ഓരോ ഇനത്തിലും പങ്കെടുക്കേണ്ട ജീവികൾ ഏതെല്ലാമെന്നുകൂടി അതോടൊപ്പം എഴുതൂ.**

അലറൽ - സിംഹം
ഇഴയൽ - പാമ്പ്
ഓട്ടം - മുയൽ, മാൻ
കൂവൽ - കുറുക്കൻ
ചിന്നംവിളി - ആന
ദ്വാരമിടൽ - മരംകൊത്തി
നൃത്തം - മയിൽ
പാട്ട് - കുയിൽ
ഫാഷൻ ഷോ - ഓന്ത്
മൂളിപ്പാട്ട് - കൊതുക്, വണ്ട്



**കാട്ടുകലോത്സവത്തിലെ മറ്റ് ഏതെങ്കിലും ഒരു മത്സരയിനത്തിനുള്ള നിയമാവലി തയാറാക്കാമോ?**

**മാതൃക: പാട്ട് മത്സരം**

ഒരു ഗ്രൂപ്പിൽ അഞ്ച് അംഗങ്ങൾ മാത്രമേ പാടുള്ളൂ.
അഞ്ച് മിനിട്ടിൽ കൂടുതലാകാൻ പാടില്ല.
സിനിമാഗാനങ്ങൾ പാടില്ല.
വേഷവിധാനത്തിന് പ്രത്യേകം മാർക്കില്ല.
5നും 10നും ഇടയിൽ പ്രായമുള്ളവർ മാത്രമേ പങ്കെടുക്കാവൂ.
പറക്കുന്നവർ മാത്രമേ മത്സരത്തിൽ പങ്കെടുക്കാൻ പാടുള്ളൂ.

**ദ്വാരമിടൽ**

മറ്റ് ആയുധങ്ങൾ ഉപയോഗിക്കാൻ പാടില്ല.
പറക്കുന്നവർ മാത്രമേ മത്സരത്തിൽ പങ്കെടുക്കാൻ പാടുള്ളൂ.
ദ്വാരമിടാനുള്ള സാമഗ്രികൾ മത്സരസ്ഥലത്ത് നിന്നും നൽകുന്നതായിരിക്കും.

**കാട്ടിൽ ഒരു കായികമേള നടത്തുന്നു. ഇതിൽ എന്തെല്ലാം ഇനങ്ങൾ ഉണ്ടാവും.**

ഓട്ടമത്സരം
ചാട്ടമത്സരം
ഇഴയൽ മത്സരം
നീന്തൽ മത്സരം
അലറൽ മത്സരം
നൃത്ത മത്സരം
പാട്ട് മത്സരം
ദ്വാരമിടൽ മത്സരം
മൂളിപ്പാട്ട് മത്സരം
ചിന്നം വിളിമത്സരം
കൂവൽമത്സരം
നടത്ത മത്സരം
ഫാഷൻഷോ മത്സരം
തീറ്റ മത്സരം

**പദപരിചയം**

കാനനം - കാട്
മൈതാനം - കളിസ്ഥലം
ഉത്സാഹം - സന്തോഷം
ദിനം - ദിവസം
നാനാഭാഗം - എല്ലാഭാഗവും
കാണികൾ - കാഴ്ചക്കാർ
അണിയിക്കുക. - ഒരുക്കുക.
കല്പന - ആജ്ഞ
സായാഹ്നം - വൈകുന്നേരം

**പകരം പദങ്ങൾ**

കാട് - കാനനം, അടവി, വിപിനം
നക്ഷത്രം - താരം, താരകം, ഉഡു
കുയിൽ - കോകിലം, പരഭൃതം
ആന - കരി, ഗജം, ദന്തി
കാക്ക- കാകൻ, വായസം
രാജാവ് - അരചൻ, നൃപൻ, മന്നൻ

## നിറങ്ങളുടെ നൃത്തം

കാനനോത്സവത്തിലെ കലാരൂപങ്ങൾ പരിചയപ്പെട്ടല്ലോ. നിങ്ങളുടെ നാട്ടിലും പലതരം കലാരൂപങ്ങളുണ്ടല്ലോ. ഏതെല്ലാമാണവ?

**നാടൻകലാരൂപങ്ങൾ**

പടയണി
തെയ്യം
മുടിയേറ്റ്
തിറ
കാക്കാരിശ്ശി നാടകം
വേലകളി
ചവിട്ടുനാടകം
കോൽക്കളി
മാർഗംകളി
കുമ്മാട്ടിക്കളി

**ക്ലാസിക് കലകൾ**

കഥകളി
ഭരതനാട്യം
മോഹിനിയാട്ടം
കുച്ചിപ്പുടി

**നിങ്ങൾ കണ്ടിട്ടുള്ള ഏതെങ്കിലും ഒരു കലാരൂപത്തിന്റെ ചിത്രം വരയ്ക്കൂ.**

**കലാരംഗത്തുള്ളവരുമായി സംസാരിക്കൂ.**

**പ്രശസ്ത കഥകളിനടൻ കുടമാളൂർ മുരളീകൃഷ്ണനുമായി ലേബർ ഇൻഡ്യ പബ്ലിക് സ്കൂളിലെ കുട്ടികൾ നടത്തിയ അഭിമുഖം നോക്കൂ.**

***മാതൃകാ അഭിമുഖം***

**ചോദ്യം** - കഥകളി, മോഹിനിയാട്ടം പോലുള്ള ക്ലാസിക് കലകൾ ഇപ്പോഴത്തെ കുട്ടികൾക്ക് കാണാൻ അവസരം കുറഞ്ഞുവരികയല്ലേ?

**ഉത്തരം** - പഴയകാലമെന്നപോലെ ഉത്സവകാലങ്ങളിൽ ക്ഷേത്രങ്ങളിലും മറ്റും ഇപ്പോഴും ഈ കലകൾ അവതരിപ്പിക്കപ്പെടുന്നുണ്ട്. രക്ഷിതാക്കൾ ഇതു കാണാനുള്ള അവസരം കുഞ്ഞുന്നാളിലേ ഒരുക്കിക്കൊടുത്താൽ മതി. അവർ ഇതൊക്കെ നന്നായി ആസ്വദിക്കുന്നവരായി വളർന്നുവരും.

**ചോദ്യം** - തട്ടുപൊളിപ്പൻ നൃത്തവും പാട്ടുമൊക്കെ ഇഷ്ടപ്പെടുന്നവരാണ് ഞങ്ങളുടെ പ്രായക്കാർ. അവരിലേക്ക് കഥകളിയും കർണാടകസംഗീതവുമൊക്കെ എങ്ങനെ എത്തിക്കും?

**ഉത്തരം** - ക്ലാസ്സുകളിൽ അഭിയനക്കളരി പോലുള്ള പരിപാടികൾ നടത്താം. കഥകളി ഒരിക്കലും വായിച്ചുമനസ്സിലാക്കേണ്ട കലയല്ല. കുഞ്ഞുന്നാളിലേ കണ്ടും കേട്ടും വളരാനുള്ള അവസരം ഒരുക്കിയാൽ മാത്രം മതി. അപ്പോൾ അവർ ഈ കലകളെ സ്നേഹിച്ചു തുടങ്ങും. അവർക്കു നഷ്ടപ്പെടുന്നതെന്താണെന്ന് തിരിച്ചറിയും.

**ചോദ്യം** - പുതുതലമുറയെ കഥകളിയിൽനിന്നും അകറ്റി നിർത്തുന്ന ഒരു ഘടകം അതിന്റെ ദൈർഘ്യമല്ലേ? കഥകളി അവതരണത്തിന്റെ ദൈർഘ്യം കുറയ്ക്കാമോ?

**ഉത്തരം** - കാലോചിതമായ മാറ്റങ്ങൾ കഥകളിയിലും വരുത്താം. ചടങ്ങുകൾ ഒഴിവാക്കി നേരെ കഥയിലേക്കു കടക്കാറുണ്ട്. പണ്ടൊക്കെ പുലരുന്നതുവരെയുണ്ടായിരുന്നു കളി. ഇന്ന് ഒന്നരമണിക്കൂർ ദൈർഘ്യമുള്ള കഥകളും അവതരിപ്പിക്കുന്നു. പുതിയ തലമുറയെ കഥകളിയിലേക്ക് അടുപ്പിക്കാൻ ഇത്തരം ചില മാറ്റങ്ങൾ വരുത്താം.


**ചോദ്യം** - മലയാളികളുടെ അതിസമ്പന്നമായ സാംസ്കാരിക പൈതൃകം റിയാലിറ്റിഷോകളുടെയും വിവരസാങ്കേതികവിദ്യയുടെയും വെള്ളപ്പാച്ചിലിൽ കടപുഴകിപ്പോകാതിരിക്കാൻ താങ്കൾക്ക് എന്തുമാർഗമാണ് നിർദേശിക്കാനുള്ളത്?

**ഉത്തരം** - റിയാലിറ്റിഷോകളും മറ്റും ഒരു ഘട്ടം കഴിയുമ്പോൾ അസ്വാദകരിൽ മടുപ്പുളവാക്കും. കാമ്പുള്ള, മൂല്യമുള്ള, വെള്ളംചേർക്കാത്ത കഥകളിപോലുള്ള കലകൾ കാലത്തെ അതിജീവിക്കുകതന്നെ ചെയ്യും.

**രണ്ടു കലാരൂപങ്ങളുടെയും ചിത്രം നോക്കൂ. എന്തെല്ലാം വ്യത്യാസങ്ങളാണ് കണ്ടെത്താൻ കഴിഞ്ഞത്? കാഴ്ചയിൽ രണ്ടു കലാരൂപങ്ങളും തമ്മിൽ എന്തെല്ലാം സാമ്യങ്ങളാണുള്ളത്? സാമ്യവും വ്യത്യാസവും പട്ടികപ്പെടുത്തി എഴുതിനോക്കൂ.**



കഥകളി



പടയണി

## കഥകളി

- പടയണിയെ അപേക്ഷിച്ച് ചെറിയ കിരീടം
- മുഖത്തെഴുത്ത്
- അഭിനയിക്കാൻ കഥ ഉണ്ടാകും
- തുണികൊണ്ടുള്ള ഉടുത്തുകെട്ട്
- ആഭരണങ്ങൾ
- സ്റ്റേജിൽ അവതരിപ്പിക്കുന്നു
- ചെണ്ട, മദ്ദളം, ചേങ്ങില എന്നിവ പ്രധാന വാദ്യങ്ങൾ

## പടയണി

- വലിയ കിരീടം
- കുരുത്തോലയും കവുങ്ങിൻപാളയും മറ്റും ഉപയോഗിച്ച് വേഷവിധാനം
- തോറ്റം പാട്ടിന്റെ താളത്തിൽ ചുവടുവയ്പ്
- പൊതുസ്ഥലത്താണ് അവതരിപ്പിക്കുന്നത്.
- തപ്പ്, ചെണ്ട, കൈമണി എന്നിവ വാദ്യോപകരണങ്ങൾ.

## പടയുടെ കെടുതി

പടയണി, തെയ്യം തുടങ്ങിയ കലാരൂപങ്ങളുടെയെല്ലാം അവതരണത്തോടൊപ്പം പാട്ടുകളും പിന്നണിയിലുണ്ടാകും. പാട്ടു പാടി അവതരിപ്പിക്കുന്ന കലാരൂപങ്ങളിലൊന്നാണ് തുള്ളൽ.

തുള്ളൽപ്പാട്ടുകൾ നല്ല കവിതകളുമാണ്. ഒരു തുള്ളൽപ്പാട്ടാണ് പടയുടെ കെടുതി. (പാഠപുസ്തകം പേജ് 30)

കുഞ്ചൻനമ്പ്യാരാണ് ഈ പാട്ട് രചിച്ചത്. തുള്ളൽപോലെ പാട്ടുപാടി അവതരിപ്പിക്കുന്ന കലാരൂപമാണ് കാക്കാരിശ്ശിനാടകം.

### തുള്ളൽ മൂന്ന് വിധം

പറയൻ തുള്ളൽ, ശീതങ്കൻ തുള്ളൽ, ഓട്ടൻതുള്ളൽ എന്നിവയാണവ.



ഓട്ടൻതുള്ളൽ



ശീതങ്കൻ തുള്ളൽ



പറയൻ തുള്ളൽ

**പടയുടെ കെടുതി എന്ന കവിതാഭാഗം വായിക്കുമ്പോൾ ഒരു ചിരി വരുന്നില്ലേ? കാരണങ്ങൾ എന്തൊക്കെയാവും?**

ഇട്ടിപ്പെണ്ണിനു കട്ടിലുപോയതും നെട്ടിപ്പെണ്ണിന് പെട്ടികൾ നഷ്ടപ്പെട്ടതും കണ്ടച്ചാരുടെ മുണ്ടു പറിഞ്ഞുപോയതും കേളച്ചാർക്ക് വാളുനഷ്ടപ്പെട്ടതും നായുടെ ചങ്ങലപോയതുമൊക്കെ വായിക്കുമ്പോൾ ആ ദൃശ്യം നേരിൽകാണുന്നതുപോലെ തോന്നും. ഇത് നമ്മിൽ ചിരിയുണർത്തുന്നു. യുദ്ധം നടക്കുമ്പോൾ ചിരികണ്ടച്ചാരുടെ ചുരികപോയി. അപ്പോൾ അയാൾ ഓടിരക്ഷപ്പെട്ടു. കോന്തിച്ചേട്ടന്റെ കുന്തവും വാളും പോയി. ചേമ്പുകിളച്ചു നടുമ്പോൾ ചങ്ങാതിയുടെ തൂമ്പായും പോയി. ഇതെല്ലാം വായിക്കുമ്പോൾ ചിരിക്കാതിരിക്കാൻ കഴിയില്ല.

**നമുക്കു രസം പകരുന്ന എന്തെല്ലാം കാര്യങ്ങളാണ് കവിതയിൽ കണ്ടെത്താനായത്?**

താളംപിടിച്ച് പാടാവുന്ന കവിതയാണിത്. അക്ഷരങ്ങളുടെയും വാക്കുകളുടെയും ആവർത്തനങ്ങളാണ് കവിതയ്ക്ക് താളം നൽകുന്നത്. കണ്ടച്ചാരുടെ മുണ്ട്, ചെണ്ടക്കാരുടെ ചെണ്ട തുടങ്ങി അക്ഷരങ്ങളുടെ ക്രമമായ ആവർത്തനവും കവിതയ്ക്ക് രസം പകരുന്നു.


**പട അഥവാ യുദ്ധം ഉണ്ടായാൽ പലർക്കും പലതും നഷ്ടപ്പെടും. എന്തെല്ലാം നഷ്ടങ്ങളെക്കുറിച്ചാണ് ഇവിടെ പറഞ്ഞിട്ടുള്ളത്.?**

ഇട്ടിപ്പെണ്ണിന്റെ കട്ടില്, നെട്ടിപ്പെണ്ണിന്റെ പെട്ടി., കണ്ടച്ചാരുടെ മുണ്ട്, ചെണ്ടക്കാരുടെ ചെണ്ട, കേളച്ചാരുടെ വാള്, കാളൻനായുടെ ചങ്ങല, ചിരികണ്ടച്ചാരുടെ ചുരിക, കോന്തിച്ചേട്ടന്റെ കുന്തവും കൊടുവാളും, ചേമ്പുകിളച്ചുനടുന്ന ചങ്ങാതിയുടെ തൂമ്പാ ഇതെല്ലാമാണ് പടയിൽ നഷ്ടമായത്.

**ഇത് പഴയകാലത്തെ കഥ. ഇക്കാലത്താണ് യുദ്ധം ഉണ്ടാവുന്നതെങ്കിലോ? നമുക്ക് എന്തെല്ലാം നഷ്ടപ്പെടാനിടയുണ്ട്? എഴുതിനോക്കൂ.**

പുസ്തകങ്ങൾ, ചെരിപ്പ്, കളിപ്പാട്ടങ്ങൾ, ഉടുപ്പ്, തൊപ്പി, ബാഗ്, കുട, പെൻസിൽ, പേന വാട്ടർബോട്ടിൽ.

## കുഞ്ചൻനമ്പ്യാർ



**തുള്ളൽപ്രസ്ഥാനത്തിന്റെ** ഉപജ്ഞാതാവാണ് കുഞ്ചൻ നമ്പ്യാർ. 1705ൽ പാലക്കാട് ജില്ലയിലെ കിള്ളിക്കുറിശ്ശി മംഗലത്ത് ജനിച്ചു. അമ്പലപ്പുഴയിൽ ദേവനാരായണരാജാവിന്റെ സദസ്യനായിരുന്നു. പിന്നീട് തിരുവനന്തപുരത്ത് മാർത്താണ്ഡവർമ മഹാരാജാവിന്റെയും കാർത്തിക തിരുനാൾ രാമവർമ മഹാരാജാവിന്റെയും സദസ്യനായി. കുറച്ചുകാലം കഴിഞ്ഞ് വീണ്ടും അമ്പലപ്പുഴയിലെത്തി. 1770 ൽ അന്തരിച്ചു. കല്യാണസൗഗന്ധികം, ശ്രീകൃഷ്ണചരിതം മണിപ്രവാളം, കാർത്തവീര്യാർജുനവിജയം, സീതാസ്വയംവരം, സ്യമന്തകം തുടങ്ങിയവ കുഞ്ചൻ നമ്പ്യാരുടെ കൃതികളാണ്.



*പാലക്കാട് ജില്ലയിൽ സ്ഥിതിചെയ്യുന്ന കലക്കത്തു ഭവനം കുഞ്ചൻനമ്പ്യാരുടെ ജന്മഗൃഹമാണിത്.*

**അവയെ ഒരു തുള്ളൽപ്പാട്ടിന്റെ രീതിയിലാക്കി മാറ്റൂ.**

**തുള്ളൽപ്പാട്ട് മാതൃക**

കുഞ്ഞിപ്പെണ്ണിനു കുടയുംപോയി
കുഞ്ഞാവയ്ക്കൊരു ബാഗുംപോയി
മീനുവിനപ്പോൾ തൊപ്പീംപോയി
മാളുവിനാട്ടെ പേനേം പോയി
മഞ്ചുവിനപ്പോൾ ബോട്ടിലുംപോയി
അഞ്ജുവിനവളുടെ ഷൂസും പോയി